# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

17.12.2014 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4353

## പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹ്യരോഗ്യ കേന്ദമായി ഉയർത്തണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ നം. 36639/എം1/2014 തീയതി 13-8-2014 പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(സി) എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ; | (എ) & (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹ്യരോഗ്യകേന്ദ്രമായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം 13.08.2014-ലെ നം.2460/വി.ഐ.പി/എം.(എച്ച്&ഡി)/2014-ലെ നമ്പർ കത്ത് പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ 13/08/2014-ലെ 36639/എം1/2014 നമ്പർ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ റിപ്പോർട്ട് ആരോഗ്യ വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ഡി) ഇല്ലെങ്കിൽ എന്തു കാരണത്താലാണ് റിപ്പോർട്ട് നല്കുവാൻ വൈകുന്നത് എന്ന് വിശദമാക്കാമോ? | (ഡി) | 24x7 പി.എച്ച്.സിയായി പദവി ഉയർത്തപ്പെട്ട ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പാണത്തൂർ പി.എച്ച്.സി 24x7 പി.എച്ച്.സിയായി പദവി ഉയർത്തപ്പെട്ടിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രമാണ്. പ്രസ്തുത സ്ഥാപനത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ 29.08.2013-ലെ സി1-13347/2009 നമ്പർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും നിന്നുമുള്ള പ്രൊപ്പോസലുകൾ ഇതുവരെ ലഭ്യമാകാത്തതിനാലാണ് മേൽ പറഞ്ഞ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാത്തത് എന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ